ശ്രീനാരായണഗുരു പ്രതിമാ ധ്വംസനം

13 (750) ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ കോളേജിൽ വിദ്യാർത്ഥിസമരം ആരംഭിച്ച ശേഷം സംസ്ഥാനത്ത് ശ്രീനാരായണഗുരുദേവന്റെ എത്ര പ്രതിമകൾ നശിപ്പിക്കപ്പെട്ടു; എവിടെയെല്ലാം;

(ബി) 2000 ജനുവരി, ഫെബ്രുവരി എന്നീ ഓരോ മാസവും ശ്രീനാരായണഗുരുസ്വാമികളുടെ എത്ര പ്രതിമകൾ വീതം തകർക്കപ്പെട്ടു;

(സി) ഈ പ്രതിമധ്വംസനം നടത്തിയവരെ പിടി കൂടിയിട്ടുണ്ടോ;

(ഡി) ഈ പ്രതിമാധ്വംസനങ്ങളുടെ വെളിച്ചത്തിൽ ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾക്ക് പാറാവ് ഇടുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) കൊല്ലം എസ്.എൻ.ഡി.പി. യോഗം ഹെഡ് ഓഫീസിന് മുൻവശം സ്ഥാപിച്ചിട്ടുള്ള ഗുരുദേവ പ്രതിമയും ആലപ്പുഴ വളവനാട്, കൊല്ലം കല്ലുവാതുക്കൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന ആലുംകടവ്, ആദിനാട് വടക്ക് പുളിനിൽക്കുംകോട്ട എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ഗുരുദേവ പ്രതിമകളും ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) ജനുവരി 1

ഫെബ്രുവരി 4

(സി) കൊല്ലം എസ്.എൻ.ഡി.പി. യോഗം ആസ്ഥാന ഓഫീസിനു മുൻപിലെ പ്രതിമ തകർത്തതിന് ഒരാളേയും, ആലുംകടവിലെ പ്രതിമ തകർത്തതിന് മൂന്നു പേരേയും അറസ്റ്റ്ചെയ്തിട്ടുണ്ട്. മറ്റു കേസ്സുകളിൽ അന്വേഷണം നടന്നുവരുകയാണ്.

(ഡി) ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾക്കുനേരെയുള്ള ആക്രമണം തടയുന്നതിനായി ഗുരുദേവപ്രതിമകൾ മന്ദിരങ്ങൾ തുടങ്ങിയവയുടെ പ്രത്യേക ലിസ്റ്റ് ഉണ്ടാക്കി ടി സ്ഥലങ്ങളിൽ രാത്രികാലപട്രോളിംഗ് ശക്തമാക്കുകയും ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് സ്ഥാപിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീനാരായണഗുരുദേവ പ്രതിമ തകർത്ത സംഭവങ്ങൾ

14 (751) ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി ശ്രീനാരായണ ഗുരുദേവപ്രതിമകൾക്കുനേരെ അക്രമണം നടത്തുകയും ഗുരുദേവപ്രതിമകൾ തകർക്കുകയും ചെയ്യുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഗുരുദേവ പ്രതിമകൾ തകർക്കുകയും മണ്ഡപങ്ങൾക്ക് കേടുപാടു വരുത്തുകയും ചെയ്ത എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കുമോ;

(ഡി) ഗുരുദേവപ്രതിമകൾ തകർത്ത കേസ്സ് അന്വേഷണം ഏതുവിഭാഗമാണ് നടത്തുന്നത്; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീനാരായണ ഗുരുദേവന്റെ എത്ര പ്രതിമകളും മണ്ഡപങ്ങളും തകർക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) ഇതുസംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസ്സുകളിൽ പ്രതികൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുരുദേവ പ്രതിമകൾ, മന്ദിരങ്ങൾ തുടങ്ങിയവയുടെ പ്രത്യേക ലിസ്റ്റ് ഉണ്ടാക്കി ടി സ്ഥലങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തമാക്കുകയും ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം നമ്പർ 100/2000-ആയി രജിസ്റ്റർചെയ്ത കേസ്സിൽ പ്രതിയായ വാസുമകൻ രാജനെ അറസ്റ്റുചെയ്തിട്ടിണ്ട്. കരുനാഗപ്പള്ളി പോലീസ് ക്രൈംനമ്പർ 13/2000 ലെ പ്രതികളായ ഷിബു, സനൽകുമാർ, അനിൽകുമാർ എന്നീ മൂന്നു പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. കടയ്ക്കാവൂർ പോലീസ് ക്രൈം നമ്പർ 2/99ലെ പ്രതികളായ അനിൽകുമാർ, നാരായണൻ മകൻ ബിജു, പ്രഭാകരൻ മകൻ ബിജു, സുരേഷ്കുമാർ, വഹീദ് എന്നീ അഞ്ചുപേരേയും അറസ്റ്റു ചെയ്തിട്ടുണ്ട്. മറ്റു കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ഗുരുദേവ പ്രതിമകൾ തകർക്കുകയും മണ്ഡപങ്ങൾ കേടു വരുത്തുകയും ചെയ്തതു സംബന്ധിച്ച് മുഹമ്മ പോലീസ് ക്രൈം നമ്പർ 28/2000 കൊല്ലം പോലീസ് ക്രൈം 100/2000 പാരിപ്പള്ളി പോലീസ് ക്രൈം 42/2000 എന്നീ മൂന്നു കേസ്സുകൾ ക്രൈംബ്രാഞ്ച് വിഭാഗവും ബാക്കി കേസ്സുകൾ ലോക്കൽ പോലീസും അന്വേഷിച്ചുവരുന്നു. കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

(ഇ) 15 സ്ഥലങ്ങളിൽ ഗുരുദേവ പ്രതിമകൾക്കോ മണ്ഡപങ്ങൾക്കോ അക്രമികൾ കേടുപാടുകൾ വരുത്തിയിട്ടുണ്ട്.

(എഫ്) 15 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 4 കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കി കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly